# പതിനാലാം കേരള നിയമസഭ

# പതിനഞ്ചാം സമ്മേളനം

## ജനന സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1589 12.06.2019- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) |
| --- | --- |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ജനന സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ? | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ജനന സർട്ടിഫിക്കറ്റിൽ തിരുത്തലുകൾ വരുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

14

**കേരള സർക്കാർ**

നമ്പർ. 68413/ആർ.ഡി.3/2009/ത.സ്വ.ഭ.വ. തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 21/01/2010

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനനമരണ രജിസ്ട്രേഷൻ - നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ തലത്തിലും ചീഫ് രജിസ്ട്രാറുടെ തലത്തിലും നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ, അപ്രകാരമുള്ള പല നിർദ്ദേശങ്ങളിലും കൂടുതൽ വ്യക്തത ആവശ്യമാണെന്നും മറ്റു ചിലവ ലഘൂകരിക്കാവുന്നതാണെന്നും ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ ഇതിലേക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സമർപ്പിക്കുന്ന അപേക്ഷകളിൽ ഭൂരിഭാഗവും കുട്ടിയുടെ പേരുമാറ്റം സംബന്ധിച്ചാണെന്നും ഇതിന്റെ പേരിൽ വിവിധ കോടതികളിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നതായും കാണുന്നു. ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ 15-ാം വകുപ്പു പ്രകാരം രജിസ്ട്രേഷനുകളിലെ തെറ്റായ വിവരങ്ങൾ തിരുത്തുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർത്തുകഴിഞ്ഞാൽ പിന്നീട് മറ്റൊരു പേരാണ് ഔദ്യോഗികമായി ഉപയോഗിക്കുന്നതെങ്കിൽപ്പോലും അതനുസരിച്ച് രജിസ്ട്രേഷനിൽ തിരുത്തൽ അനുവദിക്കുന്നില്ല. എന്നാൽ കേരള ഹൈക്കോടതി Girijan Vs Registrar of births & deaths [2003 (2) KLT 22] എന്ന കേസിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കുട്ടിയെ സ്കൂളിൽ ചേർക്കുന്നതുവരെ മാതാപിതാക്കൾക്ക് കുട്ടിയുടെ പേരിൽ മാറ്റം വരുത്താമെന്നും രജിസ്ട്രാർക്ക് കുട്ടിയുടെ പേരു സംബന്ധിച്ച വസ്തുത ബോദ്ധ്യപ്പെട്ടാൽ രജിസ്റ്ററിൽ മാറ്റം വരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകിയിരുന്നു. സമാനമായ കേസുകളിൽ ബഹു.ഹൈക്കോടതി പ്രസ്തുത വിധിന്യായം അടിസ്ഥാനമാക്കിയാണ് ഇപ്പോഴും തീർപ്പു കൽപ്പിക്കുന്നത്. കുട്ടിയുടെ ജനന സമയത്തും അതിനുശേഷവും കുട്ടിക്ക് പേരിടാതെ തന്നെ ജനന രജിസ്ട്രേഷനിൽ ഏതെങ്കിലും ഒരു പേര് ചേർക്കുന്നതു നിമിത്തമാണ് ഇങ്ങനെ സംഭവിക്കുന്നത് എന്ന് ഇതു സംബന്ധിച്ച രേഖകൾ പരിശോധിക്കുമ്പോൾ ബോദ്ധ്യമാവുന്നതാണ്. അതിനാൽ, ജനന രജിസ്ട്രേഷൻ സമയത്തോ അതിനു ശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിനുള്ള മാതാപിതാക്കളുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

2. മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷയുടെ അടിസ്ഥാനത്തിൽ മാത്രമേ കുട്ടിയുടെ പേര് ജനന രജിസ്ട്രേഷനിൽ ചേർക്കാൻ പാടുള്ളൂ. മാതാവിന്റെയോ പിതാവിന്റെയോ അറിവുകൂടാതെ സംയുക്താപേക്ഷയിൽ അവരുടെ ഒപ്പ് വ്യാജമായി ചേർത്ത് തെറ്റായ പേര് ഉൾപ്പെടുത്തുന്നതു തടയുന്നതിനായി പേരു ചേർക്കുന്നതിനുള്ള അപേക്ഷയോടൊപ്പം മാതാപിതാക്കളുടെ ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പു കൂടി സമർപ്പിക്കേണ്ടതാണ്. ഇതിലേക്കായി തെരഞ്ഞെടുപ്പു കമ്മീഷൻ അംഗീകരിച്ച ഏതൊരു രേഖയും തിരിച്ചറിയൽ രേഖയായി അംഗീകരിക്കേണ്ടതാണ്.

3.മാതാപിതാക്കളുടെ മേൽവിലാസം കുട്ടിയുടെ ജനനത്തിനുശേഷം മാറ്റം വന്നാൽ
അതിനനുസരിച്ച് ജനന രജിസ്ട്രേഷനിൽമാറ്റം വരുത്താവുന്നതല്ല. എന്നാല്
മേൽവിലാസം തെറ്റായി ചേർത്തിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യ
ത്തിലുള്ളതും മാതാപിതാക്കളുടെ മേൽവിലാസം വ്യക്തമാക്കുന്നതുമായ ഏതെങ്കിലുംരേഖ
(റേഷൻ കാർഡ്, തിരിച്ചറിയൽകാർഡ്, ആധാരം മുതലായവ)യുടെ അടിസ്ഥാനത്തിൽ
തിരുത്തൽ അനുവദിക്കേണ്ടതാണ്.

4. ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടേയും മരണ രജിസ്ട്രേഷനുകളിൽ മരിച്ചയാളു
ടേയും പേര് രേഖപ്പെടുത്തിയിട്ടുള്ളതിനോടൊപ്പം അറിയപ്പെടുന്ന പേരുകൂടി alias ചേർത്ത്
ചേർക്കാവുന്നതാണെന്ന് നിലവിൽ നിർദ്ദേശമുണ്ട്. മാതാപിതാക്കളുടെ അറിയപ്പെടുന്ന
പേരും ഇതുപോലെ യഥാർത്ഥ പേരിനോപ്പം ചേർക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

5. ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരുചേർക്കുമ്പോൾ ആറുവയസിനുശേഷം മാതാ
പിതാക്കളുടെ താമസസ്ഥലത്തെ ജനന മരണ രജിസ്ട്രാർ നൽകുന്ന ജനന ക്രമ
ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിലവിൽ നിർദ്ദേശമുണ്ട്. ഇതിനു
പകരം മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനന
ക്രമം എന്നിവ വ്യക്തമാക്കുന്ന നിശ്ചിതഫോറത്തിലുള്ള സത്യവാങ്മൂലം അവർ ഒപ്പിട്ടു
നല്കേണ്ടതാണ്. സ്കൂൾ രേഖയിലെയും ജനന രജിസ്ട്രേഷനിലെയും ജനന തീയതികൾ
തമ്മിൽ പത്തുമാസത്തിലേറെ വ്യത്യാസമുണ്ടെങ്കിൽ മാതാപിതാക്കളുടെ ജീവിച്ചിരി
ക്കുന്നതും മരിച്ചുപോയതുമായ എല്ലാ കുട്ടികളുടെയും ജനനതീയതി തെളിയിക്കുന്ന രേഖ
കൾ കൂടി (സ്കൂൾ രേഖ, ജനനസർട്ടിഫിക്കറ്റ്, ആശുപത്രി രേഖ ഇവയിൽ ഏതെങ്കിലും)
ഹാജരാക്കേണ്ടതാണ്. സംസ്ഥാനത്തിന് വെളിയിൽ താമസിക്കുന്ന മാതാപിതാക്കളുടെ
കുട്ടികളുടെ കാര്യത്തിലും ഇത് മതിയാകുന്നതാണ്.

6. ജനനമരണ രജിസ്ട്രേഷനുകളിലെ തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു
വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങേണ്ടതാണ്. എന്നാൽ ഏതെങ്കിലും
കാരണവശാൽസർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോകുകയോ, മറ്റേതെങ്കിലും അധികാരിമുമ്പാകെ
സമർപ്പിച്ചതിനാൽ തിരികെ നൽകാൻ സാധിക്കാതെ വരികയോ ചെയ്താൽ അക്കാര്യം വ്യക്ത
മാക്കുന്നതും ഒരുനോട്ടറി പബ്ലിക് മുമ്പാകെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ
സർവ്വീസിലുള്ള ഗസറ്റഡ് ഓഫീസർ മുമ്പാകെയോ ഒപ്പിട്ടതുമായ ഒരു സത്യവാങ്മൂലം
സമർപ്പിച്ചാൽ മതിയാകുന്നതാണ്.

7. ജനന രജിസ്ട്രേഷനിൽ ഇനിഷ്യലോ സർനെയിമോ കൂടാതെ പേരു ചേർത്തിട്ടുള്ളതിൽ
ഇനിഷ്യലോ സർനെയിമോ ചേർത്തു നൽകാൻ ഇപ്പോൾ വ്യവസ്ഥയുണ്ട്. യഥാർത്ഥ പേര്
ഇനിഷ്യലും സർനെയിമും ചേർന്നുള്ളതാണെങ്കിൽ ഇവ രണ്ടും കൂടി ചേർക്കാവുന്ന
താണെന്ന് വ്യക്തമാക്കുന്നു.

8. ജനന മരണ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾക്കായി ലഭിക്കുന്ന
അപേക്ഷകൾക്ക് 2/7/2009-ലെ സ.ഉ.(കൈ) 123/2009/തസ്വഭവ നമ്പർ ഉത്തരവിൽ
നിർദ്ദേശിച്ചിട്ടുള്ളതുപോലെ സേവനം ലഭ്യമാക്കുന്ന തീയതി കൂടി രേഖപ്പെടുത്തിയ
കൈപ്പറ്റുരസീത് നൽകേണ്ടതാണെന്നും അതനുസരിച്ച് സേവനം നൽകേണ്ടതാണെന്നും
നിർദ്ദേശിക്കുന്നു. അപേക്ഷയിലെ ആവശ്യം നിയമപ്രകാരം അനുവദനീയമല്ലെങ്കിൽപ്പോലും
അപേക്ഷ സ്വീകരിക്കുകയും അപേക്ഷകർക്ക് രേഖാമൂലം മറുപടി നൽകേണ്ടതുമാണ്.

9. ജനന മരണ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി രജിസ്ട്രേഷൻ യൂണിറ്റുകളിൽ നടത്തിയ പരിശോധനകൾ സംബന്ധിച്ച് ഒരു വാർഷിക റിപ്പോർട്ട് എല്ലാവർഷവും ഫെബ്രുവരി 15-ാം തിയതിക്കകം ചീഫ് രജിസ്ട്രാർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

10. ജനന മരണ രജിസ്ട്രാർമാരുടെ ഔദ്യോഗിക സീലിൽ പേര്, ഔദ്യോഗിക പദവി എന്നിവയും സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പേരുകൾ ഉൾപ്പെടെയുള്ള പൂർണ്ണമായ മേൽവിലാസവും ഉൾപ്പെടുത്തേണ്ടതാണ്.

11. ജനന രജിസ്റ്ററിലെയും സ്കൂൾ രേഖയിലെയും ജനന തിയതികൾ തമ്മിൽ വ്യത്യാസം പത്തുമാസത്തിൽ കൂടുതലാണെങ്കിൽ ജനന രജിസ്റ്ററിൽ പേരുചേർക്കുന്നതിന് ജില്ലാ രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

12. ജനന മരണ രജിസ്ട്രേഷൻ സംബന്ധിച്ച വിവിധ സേവനങ്ങൾക്കായി സമർപ്പിക്കുന്ന ഓരോ ഇനം അപേക്ഷയോടൊപ്പവും നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്നതിനും അപേക്ഷയോടൊപ്പം എല്ലാ രേഖകളും ഉൾക്കൊള്ളിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും ചെക്ക് ലിസ്റ്റുകൾ തയ്യാറാക്കി രജിസ്ട്രാർമാർക്ക് നൽകുന്നതിന് ചീഫ് രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നു.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്: 1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
3. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
4. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
5. തദ്ദേശസ്വയംഭരണ (   ) വകുപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

3/14

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്റ്ററിലെ ജനന സ്ഥലം തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 768/2011/തസ്വഭവ. തിരുവനന്തപുരം, തീയതി 11/03/2011.

---

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ ഉത്തരവ്.
4. പഞ്ചായത്ത് ഡയറക്ടറുടെ 19/10/2010-ലെ ബി3/29925/10 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നല്കുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും പ്രസ്തുത ഉത്തരവിന് മുമ്പ് ദത്തെടുത്ത് ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ പരാമർശം 2-ലെ സർക്കുലർ പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതുമാണെന്നും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതും മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യുന്ന കേസിൽ പ്രസ്തുത സ്ഥലം ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതുമാണെന്നും, കോടതി ഉത്തരവിൽ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരാമർശം 1,2 ഇവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്.

ജനന രജിസ്ട്രേഷനിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ രജിസ്ട്രേഷനിൽ മാറ്റം വരുത്തുന്നതിന് നിലവിൽ ഉത്തരവുകളൊന്നും തന്നെയില്ല. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെന്നും മാതാപിതാക്കളുടെ അറിവില്ലായ്മകൊണ്ടോ രജിസ്ട്രാറുടെ പിശകുകൊണ്ടോ സംഭവിക്കുന്ന ഇത്തരം രജിസ്ട്രേഷന്റെ തിക്തഫലം അനുഭവിക്കുന്നത് ദത്തെടുക്കപ്പെട്ട കുട്ടികളാണെന്നും ആയതിനാൽ ഇത്തരം കേസുകളിൽ ദത്തെടുക്കൽ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം, കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നല്കുന്നതിന് അനുമതി നല്കണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 4 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദത്തെടുക്കപ്പെടുന്ന കുട്ടികൾക്ക് ഭാവിയിൽ അപമാനകരമായിത്തീരുന്ന രീതിയിൽ ജനന സ്ഥലം (അമ്മത്തൊട്ടിൽ, ഓർഫനേജ് എന്നിവ) രേഖപ്പെടുത്താൻ പാടില്ലെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ചീഫ് ജനനമരണ രജിസ്ട്രാർ 12/10/2007-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ ഗുണം ദത്തെടുക്കപ്പെടുന്ന എല്ലാ കുട്ടികൾക്കും ലഭിക്കേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

ഈ സാഹചര്യത്തിൽ ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നല്കാൻ അനുമതി നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**വി.വി.മുഹമ്മദ്**
**ഡെപ്യൂട്ടി സെക്രട്ടറി**

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ - ജനന സ്ഥലം തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 1480/2011/തസ്വഭവ. തിരുവനന്തപുരം, തീയതി 20/06/2011.

---

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ നമ്പർ ഉത്തരവ്.
4. 11/03/2011-ലെ സ.ഉ.(ആർ.റ്റി) 768/2011/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നല്കുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും പ്രസ്തുത ഉത്തരവിന് മുമ്പ് ദത്തെടുത്ത് ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ പരാമർശം 2-ലെ സർക്കുലർ പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതാണെന്നും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതാണെന്നും കോടതി ഉത്തരവിൽ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരാമർശം 1,2 ഇവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണെന്നും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം 4 പ്രകാരം ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നൽകുന്നതിന് അനുമതി നല്കിയിരുന്നു.

ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലമോ ജനനസ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നല്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലമോ ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് ജനനം രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എൻ. ആർ. ശ്രീലേഖ**
**അണ്ടർ സെക്രട്ടറി**

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:പഞ്ചായത്ത് ,സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

5/14

**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - ദത്തെടുക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനന രജിസ്ട്രേഷൻ - ജനന സ്ഥലം തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ. (ആർ.റ്റി) നം. 1480/2011/തസ്വഭവ. തിരുവനന്തപുരം, തീയതി 20/06/2011.

---

പരാമർശം:- 1. 22/11/2008-ലെ സ.ഉ.(സാധാ) നം.4106/08/തസ്വഭവ നമ്പർ ഉത്തരവ്
2. 31/3/2009-ലെ 1083/ആർ.ഡി.3/09/തസ്വഭവ നമ്പർ സർക്കുലർ
3. 19/01/2010-ലെ സ.ഉ.(സാധ) നം.193/10/തസ്വഭവ നമ്പർ ഉത്തരവ്.
4. 11/03/2011-ലെ സ.ഉ.(ആർ.റ്റി) 768/2011/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം 1-ലെ സർക്കാർ ഉത്തരവിന് ശേഷമുള്ള എല്ലാ ദത്തെടുക്കലിനും കുട്ടിയെ നല്കുന്ന ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതും പ്രസ്തുത ഉത്തരവിന് മുമ്പ് ദത്തെടുത്ത് ജനനം രജിസ്റ്റർ ചെയ്യാത്ത കേസുകളിൽ പരാമർശം 2-ലെ സർക്കുലർ പ്രകാരം മാതാപിതാക്കളുടെ സ്ഥിര താമസസ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തേണ്ടതാണെന്നും ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ജനന രജിസ്ട്രേഷൻ നടത്തുമ്പോൾ ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തേണ്ടതാണെന്നും കോടതി ഉത്തരവിൽ ജനന സ്ഥലം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരാമർശം 1,2 ഇവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഏജൻസി സ്ഥിതി ചെയ്യുന്ന സ്ഥലമോ മാതാപിതാക്കളുടെ താമസസ്ഥലമോ ജനന സ്ഥലമായി രേഖപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണെന്നും പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം 4 പ്രകാരം ദത്തെടുക്കൽ കേന്ദ്രം ജനന സ്ഥലമായി രജിസ്ട്രേഷൻ നടത്തിയവർക്ക് ടി കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം കുട്ടിയുടെ ജനന സ്ഥലമായി തിരുത്തി നൽകുന്നതിന് അനുമതി നല്കിയിരുന്നു.

ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതിചെയ്യുന്ന സ്ഥലമോ ജനനസ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നല്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദത്തെടുക്കപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ ദത്തെടുക്കൽ കേന്ദ്രമോ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലമോ ജനന സ്ഥലമായി രജിസ്റ്റർ ചെയ്ത കേസുകളിൽ മാതാപിതാക്കളുടെ താമസസ്ഥലത്ത് ജനനം രജിസ്റ്റർ ചെയ്യുന്നതിനും മാതാപിതാക്കളുടെ വിലാസം കുട്ടിയുടെ ജനന സ്ഥലമായി രേഖപ്പെടുത്തുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എൻ. ആർ. ശ്രീലേഖ**
**അണ്ടർ സെക്രട്ടറി**

ജനന മരണ ചീഫ് രജിസ്ട്രാർ ആന്റ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ശിശുക്ഷേമ സമിതി, തിരുവനന്തപുരം
എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും (ചീഫ് ജനന മരണ രജിസ്ട്രാർ മുഖേന)
ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ,കെ,എം,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ ആന്റ് പി.ആർ.ഡി (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)
പകർപ്പ്: ബഹു:പഞ്ചായത്ത് ,സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ
സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

6/14

## കേരള സർക്കാർ

നമ്പർ. 35845/ആർ.ഡി.3/2011/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 01/02/2012

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തൽ വരുത്തുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ 15-ാം വകുപ്പുപ്രകാരം ജനന മരണ രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള തെറ്റായ വിവരം തിരുത്താവുന്നതാണ്. 21/01/2010-ൽ സർക്കാരിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 68413/ആർ.ഡി3/10/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിനുള്ള മാതാപിതാക്കളുടെ അപേക്ഷ അനുവദിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കുട്ടിയെ സ്കൂളുകളിൽ ചേർത്തശേഷം ജനന സർട്ടിഫിക്കറ്റിൽ ചേർത്തിട്ടുള്ള പേര് തിരുത്തുന്നതിലേയ്ക്കായി നിരവധി അപേക്ഷകൾ ലഭിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തും ടി വിഷയവുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതിയുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിലും ആക്ടിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ടും 21/01/2010-ലെ 68413/ആർ.ഡി3/10/തസ്വഭവ നമ്പർ സർക്കുലറിലെ 1-ാം ഖണ്ഡിക താഴെ പറയും പ്രകാരം മാറ്റിയിരിക്കുന്നു.

ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്നശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. കുട്ടിയെ സ്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതു പ്രകാരം തന്നെ പേരു ചേർക്കേണ്ടതുമാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

പകർപ്പ്:
1. നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

7/14

**കേരള സർക്കാർ**

നമ്പർ. 50817/ആർ.ഡി.3/12/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 31.05.2013

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന-മരണ രജിസ്ട്രേഷൻ - കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ഉണ്ടാകുന്ന തെറ്റുകൾ, മേൽവിലാസത്തിൽ ഉണ്ടാകുന്ന സ്പെല്ലിംഗ് മിസ്റ്റേക്കുകൾ തുടങ്ങിയ തെറ്റുകൾ തിരുത്തുന്നത് - സംബന്ധിച്ച്.

സൂചന :-
1. 07-05-2012-ലെ 9748/ആർ.ഡി3/12/തസ്വഭവ നമ്പർ സർക്കുലർ.
2. 07-08-2012-ലെ പഞ്ചായത്ത് ഡയറക്ടറുടെ ബി1-20741/09 നമ്പർ കത്ത്.
3. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 04-04-2013 തീയതിയിലെ 1/2/KEL/2007-VS[CRS] നമ്പർ കത്ത്.

ജനന സർട്ടിഫിക്കറ്റിൽ ചേർത്തിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ എക്സ്പാൻഷൻ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിൽ ഉണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തി നൽകാത്തതു മൂലം പൊതുജനങ്ങൾ പ്രത്യേകിച്ചും വിദേശത്ത് ജോലി ചെയ്യുന്നവർ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനായി കേന്ദ്ര ജനന മരണ രജിസ്ട്രാർ ജനറലുമായി ആലോചിക്കുകയും താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരവും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടത്തിലെ ചട്ടം 11 പ്രകാരവും ജനന സർട്ടിഫിക്കറ്റുകളിൽ ചേർത്തിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം, മേൽവിലാസത്തിൽ ഉണ്ടാകുന്ന അക്ഷരത്തെറ്റുകൾ എന്നിവ) തിരുത്തുന്നതിന് നോട്ടറി, 2 ഗസറ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയും മറ്റു ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും രജിസ്ട്രേഷനുകളിൽ തിരുത്തൽ വരുത്താവുന്നതാണ്.

**(ജെയിംസ് വർഗീസ്)**
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും
4. സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
5. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ റിജീയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
7. എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
8. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
9. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

നമ്പർ. 31512/ആർ.ഡി.3/13/ത.സ്വ.ഭ.വ.

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി 17.10.2013

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - ജനന മരണ രജിസ്ട്രേഷൻ - കുട്ടിയുടെ പേര് തിരുത്തുന്നതിനുള്ള നിർദ്ദേശത്തിന്മേൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന :-
1. 01-02-2012-ലെ 35845/ആർഡി3/11/തസ്വഭവ നമ്പർ സർക്കുലർ.
2. 07-05-2012-ലെ 9748/ആർഡി3/12/തസ്വഭവ നമ്പർ സർക്കുലർ.
3. പഞ്ചായത്ത് ഡയറക്ടറുടെ 20-04-2013, 26-07-2013 എന്നീ തീയതികളിലെ ബി1-9545/13 നമ്പർ കത്തുകൾ.

സൂചന (1) സർക്കുലർ പ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്റ്ററിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സംയുക്ത അപേക്ഷയുടെയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), സ്കൂൾ രേഖയുടെയും അടിസ്ഥാനത്തിൽ അന്വേഷിച്ചു ബോദ്ധ്യം വന്നശേഷം സ്കൂൾ രേഖ പ്രകാരമുള്ള പേരു ചേർക്കാവുന്നതാണ്. ഇതിനായി തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലം മാതാപിതാക്കൾ നൽകേണ്ടതും, തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണ്. കുട്ടിയെ സ്കൂളിൽ ചേർത്ത ശേഷം ജനന രജിസ്ട്രേഷനിൽ പേരു ചേർക്കുന്ന കേസുകളിൽ സ്കൂൾ രേഖ നിർബന്ധമായും ഹാജരാക്കേണ്ടതും അതു പ്രകാരം തന്നെ പേരു ചേർക്കേണ്ടതുമാണെന്ന് മേൽപ്പറഞ്ഞ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. ജനന രജിസ്റ്ററുകളിലെ കുട്ടിയുടെ പേരിലെ ഇനിഷ്യൽ വികസിപ്പിച്ച് തിരുത്തലുകൾ നൽകാവുന്നതാണ്. ഇതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷയും (പ്രായപൂർത്തിയായ കേസുകളിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന ഒരു സത്യവാങ്മൂലവും മാതാപിതാക്കൾ നൽകേണ്ടതും തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഒടുക്കേണ്ടതുമാണെന്ന് സൂചന (2) സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

3. സൂചന (1) ലെയും (2) ലെയും സർക്കുലറുകളിൽ സൂചിപ്പിച്ചിരിക്കുന്ന സത്യവാങ്മൂലം എന്നത് ഗസറ്റഡ് ഓഫീസർ/നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തേണ്ടതുണ്ടോ ഇല്ലെങ്കിൽ മാതാപിതാക്കൾ ജനന-മരണ രജിസ്ട്രാറുടെ മുമ്പിൽ നേരിട്ട് ഹാജരായി സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ടോ ഉണ്ടെങ്കിൽ എത്ര രൂപയുടെ സ്റ്റാമ്പ് പേപ്പർ ആണ് ഉപയോഗിക്കേണ്ടത് എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ടി സർക്കുലറുകളിൽ വ്യക്തത വരുത്തിക്കൊണ്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

4 തെറ്റായി വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കാൻ വ്യവസ്ഥയുള്ള സാഹചര്യത്തിൽ സ്കൂളിൽ ചേർക്കുന്നതിന് മുമ്പ് കുട്ടിയുടെ പേരിൽ തിരുത്തൽ [illegible] മാതാപിതാക്കളുടെ സംയുക്ത അപേക്ഷയോടൊപ്പം വെള്ളപ്പേപ്പറിൽ തെറ്റായ പേര് ചേർക്കാൻ [illegible]

വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, സ്കൂളിൽ ചേർത്ത ശേഷമുള്ള കേസുകളിൽ സ്കൂൾ രേഖയിലെ പോലെ പേരു തിരുത്തുന്നതിന് അപേക്ഷയോടൊപ്പം തെറ്റായി പേരു ചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന 100/- രൂപ , മുദ്രപത്രത്തിൽ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലവും, മാതാവ്/പിതാവ്/നിയമാനുസൃതമായ രക്ഷാകർത്താവ്/മാതാപിതാക്കൾ മരണപ്പെട്ട കേസുകളിൽ വ്യക്തി രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(ജെയിംസ് വർഗ്ഗീസ്)
പ്രിൻസിപ്പൽ സെക്രട്ടറി.

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലെയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവന്മാർ മുഖേന)
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ജനനമരണരജിസ്ട്രാർമാർക്കും
7. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
8. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

നമ്പർ. 55767/ആർ.ഡി.3/14/ത.സ്വ.ഭ.വ

തദ്ദേശസ്വയം ഭരണ (ആർ.ഡി)വകുപ്പ്,
തിരുവനന്തപുരം, തീയതി. 18/12/14.

## സർക്കുലർ

സർ,

വിഷയം: ത.സ്വ.ഭ.വ. – വിവാഹ ബന്ധം വേർ പെടുത്തിയ കേസുകളിൽ കുട്ടിയുടെ ജനന രജിസ്റ്ററിൽ പേര് തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച് നിർ ദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: 17-10-2013-ലെ 31512/ആർ.ഡി.3/13/തസ്വഭവ/നമ്പർ സർക്കുലർ.

സൂചന സർക്കുലർ പ്രകാരം ജനന രജിസ്റ്ററിൽ കുട്ടിയുടെ പേരിൽ തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ വിവാഹ ബന്ധം വേർ പെടുത്തിയ കേസുകളിലും, മാതാവ്/പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കേസുകളിലും സംയുക്താപേക്ഷ സമർപ്പിക്കുവാൻ കഴിയാത്തതിനാൽ ഇത്തരത്തിലുള്ള അപേക്ഷകൾ നിരസിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരിക്കുന്നു. ഇത്തരം സംഗതികളിൽ ഒരു പരിഹാരമാർഗ്ഗം കാണേണ്ടത് അത്യാവശ്യമായിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് താഴെപ്പറയുന്ന നിർ ദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വിവാഹ ബന്ധം വേർ പെടുത്തിയ കേസുകളിലും മാതാവ് / പിതാവ് ഉപേക്ഷിച്ച് പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ / പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേര് തിരുത്തി നല്കാവുന്നതാണ്. എന്നാൽ ഇത്തരം സന്ദർഭത്തിൽ മാതാവ് / പിതാവ് കുട്ടിയും ,തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതുമാണ്. തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണ്.

ജെയിംസ് വർഗ്ഗീസ്,
(പ്രിൻസിപ്പൽ സെക്രട്ടറി)

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലെയും പ്രസിഡൻറുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവൻമാർ മുഖേന)
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ റീജിയണൽ ജോയിൻറ് ഡയറക്ടർമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും,
7. എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഇൻഫർ മേഷൻ കേരള മിഷൻ
8. ഇൻഫർ മേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പിന് (പത്ര മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഉത്തരവിൻ പ്രകാരം,

Rajeev

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

നമ്പർ. 142/ആർ.ഡി.3/15/തസ്വഭവ

തദ്ദേശസ്വയം ഭരണ (ആർ.ഡി) വകുപ്പ്,
തിരുവനന്തപുരം, തീയതി. 16 /12/2015.

# സർക്കുലർ

വിഷയം - തദ്ദേശ സ്വയംഭരണ വകുപ്പ് - ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേര് ഡി. എൻ. എ.റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ അനുമതി - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന . 31-05-2013-ലെ 50817/ആർ.ഡി3/2012/തസ്വഭവ നമ്പർ സർക്കുലർ

2. മലപ്പുറം നഗരസഭാ ജനന മരണ രജിസ്ട്രാറുടെ 6-12-2014 തീയതിയിലെ 14238/2014 നമ്പർ കത്ത് .

3. ചീഫ് ജനന മരണ രജിസ്ട്രാറുടെ 30-12-2014 ലെ ബി1/48334/14 നമ്പർ കത്ത്.

ഡി.എൻ.എ ടെസ്റ്റിലൂടെ പിതൃത്വം തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ജനന സർട്ടിഫിക്കറ്റിൽ പിതാവിന്റെ പേര് തിരുത്തി നല്കാവുന്നതാണോ എന്നത് സംബന്ധിച്ച് മലപ്പുറം നഗരസഭാ ജനന മരണ രജിസ്ട്രാർ സൂചന 2 പ്രകാരം അപേക്ഷിച്ചിരിക്കുന്നു.ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ജനന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിതാവിന്റെ പേര് രേഖപ്പെടുത്തുകയും പിന്നീട് ആയത് തിരുത്തുകയും ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയില്ല എന്നാൽ ഇത്തരത്തിൽ നിരവധി അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് വ്യക്തമായ സ്പഷ്ടീകരണം നല്കണമെന്ന് ചീഫ് ജനന മരണ രജിസ്ട്രാർ സൂചന 3 പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

1969- ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15 പ്രകാരം രജിസ്ട്രാർ സൂക്ഷിച്ചിട്ടുള്ള ജനന മരണ രജിസ്റ്ററിൽ രജിസ്ട്രാർക്ക് ശരിയാണെന്ന് ഉത്തമ വിശ്വാസമുള്ള തിരുത്തലുകളും റദ്ദാക്കലുകളും നടത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

തെറ്റായ വിവരങ്ങൾ തിരുത്തുന്നത് സംബന്ധിച്ച് സൂചന 1 പ്രകാരം സർക്കാർ പുറപ്പെടുവിച്ച സർക്കുലറിൽ ഡി.എൻ.എ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിതാവിന്റെ പേരിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരാമർശിച്ചിട്ടില്ല ഇത്തരം സംഗതികളിൽ ഒരു പരിഹാരമാർഗ്ഗം കാണേണ്ടത് അത്യാവശ്യമായിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ജനന സർട്ടിഫിക്കറ്റ് , ഡി . എൻ . എ ബയോളജിക്കൽ ഇൻഫർമേഷൻ , സർക്കാർ അംഗീകൃത ലബോറട്ടറി റിപ്പോർട്ട് , നോട്ടറി മുഖാന്തിരം കരാർപത്രം , കോടതി വിധിയുടെ പകർപ്പ്, പ്രസവം നടന്ന ഹോസ്പിറ്റൽ അധികാരികളുടെ ഗൈനക് രേഖയുടെ

സാക്ഷ്യപ്പെടുത്തിയ പകർപ്പും റിപ്പോർട്ടും എന്നീ തെളിവുകൾ സഹിതം കുട്ടിയുടെ മാതാവ് /ഡി.എൻ.എ ടെസ്റ്റിലൂടെ പിതൃത്വം തെളിയിച്ച പിതാവ് എന്നിവർ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷ സമർപ്പിക്കുന്ന സംഗതികളിൽ രജിസ്ട്രാർ അന്വേഷിച്ച് ബോധ്യപ്പെട്ട് ആവശ്യമായ തിരുത്തൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
3. എല്ലാനഗരസഭകളിലേയും ഗ്രാമപഞ്ചായത്തുകളിലേയും പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (വകുപ്പുതലവൻമാർ മുഖേന)
4. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ(പഞ്ചായത്ത്)മാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
6. എല്ലാ ജനന മരണ രജിസ്ട്രാർമാർക്കും.
7. ഡയറക്ടർ, പൊതുജന-വിവര സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിയ്ക്ക്).
8. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റും സർക്കാർ വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്).

പകർപ്പ്:-

1 ബഹു.പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2 ബഹു.നഗരകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3 തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
4 കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബി1- 15343/2017

പഞ്ചായത്ത് ഡയറക്ടറാഫീസ്
തിരുവനന്തപുരം,തീയതി: 10.05.2017

**സർക്കുലർ**

വിഷയം:- ജനന-മരണ രജിസ്ട്രേഷൻ- പരിഷ്കരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- പഞ്ചായത്ത് ഡയറക്ടറുടെ 07.02.2015-ലെ ബി1-4356/15 നമ്പർ സർക്കുലർ.

1. ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ചുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചീഫ് രജസ്ട്രാർ പുറപ്പെടുവിച്ച വിവിധ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സൂചന പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സർക്കുലറിനു ശേഷം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളും സ്പഷ്ടീകരണങ്ങളും ക്രോഡീകരിച്ചു കൊണ്ടും ജനന മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കൂടുതൽ വ്യക്തതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിനുമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. കൂടാതെ, ഈ സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ച് ചീഫ് രജിസ്ട്രാർ മുൻപ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമാക്കുന്നു.

2. **രജിസ്ട്രേഷൻ സംവിധാനം**

2.1 **ചീഫ് രജിസ്ട്രാർ**

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, വകുപ്പ് 4 പ്രകാരമുള്ള ചീഫ് രജിസ്ട്രാർ ആയി പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

2.2 **അഡീഷണൽ ചീഫ് രജിസ്ട്രാർ**

അഡീഷണൽ ചീഫ് രജിസ്ട്രാർ ആയി ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ അഡീഷണൽ ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

2.3 **ജില്ലാ രജിസ്ട്രാർ**

നഗര ഗ്രാമ വ്യത്യാസമില്ലാതെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ജില്ലാ രജിസ്ട്രാറുടെ ചുമതല നിർവ്വഹിച്ചു വരുന്നു.

2.4 **രജിസ്ട്രാർ**

ഗ്രാമങ്ങളിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാരെയും മുനിസിപ്പാലിറ്റികളിൽ ഒന്നാം ഗ്രേഡ് ഹെൽത്ത് ഇൻസ്പെക്ടർമാരെയും കോർപ്പറേഷനുകളിൽ ഹെൽത്ത് ഓഫീസർമാരെയും കണ്ണൂർ കന്റോൺമെന്റ് ബോർഡിൽ ഓഫീസ് സൂപ്രണ്ടിനെയുമാണ് രജിസ്ട്രാർമാരായി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

2.5 **സബ്‌രജിസ്ട്രാർ**

1969 ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട്, വകുപ്പ് 7(5) പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെയും അസിസ്റ്റന്റ് സെക്രട്ടറി ഇല്ലാത്ത പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് അല്ലെങ്കിൽ ഹെഡ് ക്ലാർക്കിനെയും മുനിസിപ്പാലിറ്റികളിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 നെയും കോർപ്പറേഷനുകളിൽ ഹെൽത്ത് സൂപ്പർവൈസർ അല്ലെങ്കിൽ ഹെൽത്ത് ഇൻസപെക്ടർമാരെയും സബ് രജിസ്ട്രാർമാർ ആയി അതാത് രജിസ്ട്രാർമാർക്ക് നിയമിക്കാവുന്നതാണ്. സബ് രജിസ്ട്രാർമാർക്ക് രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് നൽകൽ, തിരുത്തൽ തുടങ്ങി രജിസ്ട്രാറുടെ ചുമതലകൾ പൂർണ്ണമായോ ഭാഗികമായോ ഏൽപ്പിച്ചു നൽകാവുന്നതാണ്. (ചീഫ് രജിസ്ട്രാറുടെ 09.05.2017 ലെ ബി1-12194/2017 നമ്പർ ഉത്തരവ്)

ളുടെ ജീവിച്ചിരിക്കുന്നതും മരിച്ചതുമായ എല്ലാ കുട്ടികളുടെയും ജനന തീയതി തെളിയിക്കുന്ന രേഖകൾ കൂടി ഹാജരാക്കേണ്ടതും ഗ്രാമ പഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയും നഗരസഭകളിൽ സെക്രട്ടറിയുടേയും അനുവാദം വാങ്ങേണ്ടതുമാണ്. ജനന തീയതി തെളിയിക്കുന്നതിന് സ്കൂൾ രേഖ, ജനന സർട്ടിഫിക്കറ്റ്, ആശുപത്രി രേഖ, പാസ്പോർട്ട് തുടങ്ങിയ ജനന തീയതി രേഖപ്പെടുത്തിയിട്ടുള്ള ഏതൊരു രേഖയും സ്വീകരിക്കാവുന്നതാണ്. ജനന തീയതി രേഖപ്പെടുത്തിയ ഒരു രേഖയും ലഭ്യമല്ലെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന സത്യ വാങ്മൂലത്തോടൊപ്പം വയസ്സ് തെളിയിക്കുന്ന ഏതെങ്കിലും രേഖ നൽകിയാൽ മതിയാകുന്നതാണ്.

8.5 സ്കൂളിൽ ചേർന്ന ശേഷം പേര് ചേർക്കുന്നത് സ്കൂൾ രേഖയിലെപ്പോലെയാണ് എന്നതിനാൽ മാതാപിതാക്കളുടെ സംയുക്താപേക്ഷയോ തിരിച്ചറിയൽ രേഖയുടെ പകർപ്പോ നിർബ്ബന്ധമില്ല.

8.6 ജനന രജിസ്ട്രേഷനിൽ ആദ്യമായി പേര് ചേർക്കുമ്പോഴും മാതാപിതാക്കളുടെ പേര് രേഖപ്പെടുത്തുമ്പോഴും ആവശ്യമെങ്കിൽ സ്കൂൾ രേഖയിലോ മറ്റ് ഔദ്യോഗിക രേഖകളിലോ ഉള്ള പേരിലെ ഇനീഷ്യലിന്റെ വികസിതരൂപം സഹിതം പേരു ചേർക്കാവുന്നതാണ്.

8.7 വിവാഹ ബന്ധം വേർപെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയ കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ പേര് ചേർക്കാവുന്നതാണ്. കുട്ടി ആരുടെ സംരക്ഷണയിലാണെന്നും ഉപേക്ഷിക്കപ്പെട്ടതാണോ എന്നതു സംബന്ധിച്ചും കോടതി ഉത്തരവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലും ഇല്ലെങ്കിൽ മാതാവിന്റെ/പിതാവിന്റെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ സർക്കിൾ ഇൻസ്പെക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും പേര് ചേർക്കാവുന്നതാണ്

8.8 ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയും മാതാപിതാക്കളുടെയും മരണ രജിസ്ട്രേഷനിൽ മരിച്ച യാളുടെയും മാതാപിതാക്കളുടെയും ഭർത്താവിന്റെയും ഔദ്യോഗിക രേഖകളിലെ പേരിനൊപ്പം ആവശ്യമെങ്കിൽ വിളിപ്പേര് കൂടി രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് ചേർക്കാവുന്നതാണ്. (ഉദാ: Ramakrishnan Alias Unni)

8.9 1.4.1970 നു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. അനുമതിക്കുള്ള പ്രൊപ്പോസലുകളിൽ താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (മാതാപിതാക്കളുടെയോ, രക്ഷിതാവിന്റേയോ, കുട്ടിയുടെയോ)
2. ജനന രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ്.
3. സ്കൂൾ രേഖയുടെ സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പ് (സ്കൂൾ വിദ്യാഭ്യാസം നേടിയിട്ടില്ലാത്തവരാണെങ്കിൽ അക്കാര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലവും പേര്,ജനന തീയതി എന്നിവ തെളിയിക്കുന്ന രേഖയും)
4. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, സെക്സ്, ജനന ക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന സത്യവാങ്മൂലം.
5. ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും.

## 9. തിരുത്തലുകൾ

9.1 ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന/മരണ സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. സെക്ഷൻ 14 പ്രകാരം, പേര് കൂടാതെ രജിസ്റ്റർ ചെയ്തിട്ടുള്ള ജനനങ്ങളിൽ പേരു ചേർക്കുന്ന

തിനും സെക്ഷൻ 15 പ്രകാരം, തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിനും സാദ്ധ്യമാണ്. അതായത്, ജനന/മരണ തീയതി, കുട്ടിയുടെ/മരണപ്പെട്ടയാളുടെ പേര്, കുട്ടിയുടെ സെക്സ്, മാതാപിതാക്കളുടെ പേര്, മേൽവിലാസം തുടങ്ങി ഏതൊരു രേഖപ്പെടുത്തലും സെക്ഷൻ 15 ലെ വ്യവസ്ഥകൾക്കു വിധേയമായി തിരുത്താവുന്നതാണ്.

9.2 ജനന-മരണ രജിസ്ട്രേഷൻ ആക്ട് പ്രാബല്യത്തിൽ വന്ന 01.04.1970 നു ശേഷമുള്ള രജിസ്ട്രേഷനുകളിൽ വന്നിട്ടുള്ള തെറ്റുകൾ 1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ടിലെ 15-ാം വകുപ്പിലെയും 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തുന്നതിനോ റദ്ദാക്കുന്നതിനോ രജിസ്ട്രാർമാർ തന്നെ തീരുമാനമെടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ അന്വേഷണത്തിനായി അനിശ്ചിതമായി കാലതാമസം വരുത്തുകയോ പ്രസക്തമല്ലാത്ത രേഖകൾ ആവശ്യപ്പെടുകയോ ചെയ്യാൻ പാടില്ല. 2012-ലെ സേവനാവകാശ നിയമത്തിൽ പറയുന്ന സമയപരിധി പാലിക്കേണ്ടതാണ്.

9.3 രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് ആവശ്യമായ തിരുത്തൽ വരുത്തേണ്ടതാണ്. അതായത്, ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. പേരിലോ മറ്റു വിവരങ്ങളിലോ ഉള്ള അക്ഷരത്തെറ്റുകൾ, റിപ്പോർട്ടിലെ വിവരങ്ങൾ രജിസ്റ്ററിലേയ്ക്ക് പകർത്തിയതിൽ വന്നിട്ടുള്ള തെറ്റുകൾ എന്നിവ ഈ രീതിയിൽ തിരുത്താവുന്നതാണ്.

9.4 രജിസ്ട്രേഷനുകളിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന കക്ഷി, തിരുത്തേണ്ട വസ്തുത സംബന്ധിച്ച സത്യവാങ്മൂലം, അത് തെളിയിക്കുന്നതിനുള്ള രേഖകൾ, തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോദ്ധ്യമുള്ള രണ്ട് വിശ്വസനീയ വ്യക്തികളുടെ (Credible Persons) ഡിക്ലറേഷൻ എന്നിവ ഹാജരാക്കേണ്ടതാണ്. കുട്ടിയുടെ പേരിലെ തിരുത്തലിന് ഒഴികെ ഇപ്രകാരം ഹാജരാക്കുന്ന രേഖകൾ കുട്ടിയുടെ ജനനസമയത്ത് പ്രാബല്യത്തിലുള്ളവയായിരിക്കണം. ഇവയുടെ അടിസ്ഥാനത്തിൽ രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയും ബോദ്ധ്യപ്പെട്ട് തിരുത്തലിനുള്ള അപേക്ഷയിൽ തീരുമാനമെടുക്കേണ്ടതാണ്.

9.5 മേൽപ്പറഞ്ഞ പ്രകാരം വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് ഹാജരാക്കേണ്ട സത്യപ്രസ്താവന നൽകുന്നതിന് ഗസറ്റഡ് ഉദ്യോഗസ്ഥരെ മാത്രമേ വിശ്വസനീയ വ്യക്തികളായി കണക്കാക്കാൻ കഴിയുകയുള്ളൂ എന്ന് നിർബ്ബന്ധം പാടില്ല. ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങിയവരെയും വിശ്വസനീയ വ്യക്തികളായി കണക്കാക്കണം. രജിസ്ട്രേഷനിൽ ഏതെങ്കിലും വിവരം അനുചിതമായോ വഞ്ചനാപൂർവ്വമായോ ഉൾപ്പെടുത്തിയതാണെന്ന് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ടാൽ അതിന്റെ വിശദവിവരം വ്യക്തമാക്കുന്ന ഒരു റിപ്പോർട്ട് തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതും ചീഫ് രജിസ്ട്രാറുടെ നിർദ്ദേശ പ്രകാരം തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. ഇത്തരം കേസുകളിൽ സെക്ഷൻ 23 അനുസരിച്ചുള്ള പ്രോസിക്യൂഷൻ നടപടിയും സ്വീകരിക്കേണ്ടതാണ്.

9.6 ജനന സമയത്ത് ഒരു ഓമനപ്പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അത് അനുവദിക്കാവുന്നതാണ്. മാതാപിതാക്കളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർത്ത കേസുകളിലും കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനു മുമ്പായി ഒരു പ്രാവശ്യം തിരുത്തൽ അനുവദിക്കാവുന്നതാണ്.

9.7 ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിന് മുമ്പായോ കുട്ടിയുടെ പേര് തെറ്റായി ജനന രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ മാതാപിതാക്ക

ളുടെ സംയുക്ത അപേക്ഷയുടേയും (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ) തെറ്റായ പേരു ചേർക്കുവാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലത്തിന്റെയും അടിസ്ഥാനത്തിൽ, തെറ്റായ വിവരം ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി, സ്കൂൾരേഖയിലെ പോലെ തിരുത്തൽ വരുത്താവുന്നതാണ്. ജനന രജിസ്ട്രേഷനുകളിൽ കുട്ടിയുടെ പേരിലെ ഇനീഷ്യൽ വികസിപ്പിച്ച് തിരുത്തൽ വരുത്തുന്നതിന് മാതാപിതാക്കളുടെ സംയുക്ത അപേക്ഷ (പ്രായപൂർത്തിയായ കുട്ടിയുടെ കേസിൽ കുട്ടിയുടെ അപേക്ഷ), തെറ്റായ പേരുചേർക്കാനിടയായ സാഹചര്യം വ്യക്തമാക്കുന്ന സത്യവാങ്മൂലം എന്നിവയുടെ അടിസ്ഥാനത്തിൽ, തെറ്റായ പേരു ചേർത്ത കുറ്റം രാജിയാക്കുന്നതിന് 50/- രൂപ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി തിരുത്തലുകൾ വരുത്താവുന്നതാണ് (ഗവൺമെന്റ് സർക്കുലർ നമ്പർ 9748/ആർ.ഡി.3/12/തസ്വഭവ തീയതി 07.05.12). ഇത്തരം തിരുത്തലുകൾക്കുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട സത്യവാങ്മൂലം കുട്ടിയെ സ്കൂളിൽ ചേർക്കുന്നതിൽ മുൻപ് വെള്ളപേപ്പറിലും സ്കൂളിൽ ചേർത്ത ശേഷമുള്ള സംഗതികളിൽ 50/- രൂപ മുദ്രപത്രത്തിലും സ്വയം സാക്ഷ്യപ്പെടുത്തി മാതാവ്/പിതാവ്/നിയമാനുസൃത രക്ഷാകർത്താവ് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

9.8 സ്കൂൾ രേഖയുടെ അടിസ്ഥാനത്തിൽ ഒരിക്കൽ തിരുത്തിയ പേര് വീണ്ടും തിരുത്താവുന്നതല്ല.

9.9 വിവാഹ ബന്ധം വേർപെടുത്തിയ കേസുകളിലും മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയ കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ പേര് തിരുത്തൽ വരുത്താവുന്നതാണ്. കുട്ടി ആരുടെ സംരക്ഷണയിലാണെന്നും ഉപേക്ഷിക്കപ്പെട്ടതാണോ എന്നതു സംബന്ധിച്ചും കോടതി ഉത്തരവുകളുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിലും ഇല്ലെങ്കിൽ മാതാവിന്റെ/പിതാവിന്റെ താമസസ്ഥലം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സർക്കിൾ ഇൻസ്പെക്ടർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും തിരുത്തൽ അനുവദിക്കാവുന്നതാണ് (ഗവൺമെന്റ് സർക്കുലർ നമ്പർ 187609/ആർഡി3/2015/തസ്വഭവ തീയതി 12.01.2016.)

9.10 മാതാപിതാക്കളുടെ വിളിപ്പേരോ തെറ്റായ പേരോ ചേർത്തിട്ടുണ്ടെങ്കിൽ മാതാപിതാക്കളുടെ സ്കൂൾരേഖയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലേതു പോലെ തിരുത്താവുന്നതാണ്. സ്കൂൾ രേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയിൽ ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്.

9.11 ഡി.എൻ.എ.ടെസ്റ്റിലൂടെ പിതൃത്വം തെളിയിക്കുന്ന കേസുകളിൽ സർക്കാർ അംഗീകൃത ലബോറട്ടറിയിൽ നിന്നുള്ള ഡി.എൻ.എ. ബയോളജിക്കൽ ഇൻഫർമേഷൻ, നോട്ടറി അഫിഡവിറ്റ്, കോടതി വിധിയുടെ പകർപ്പ്, ജനനം നടന്ന ആശുപത്രി ഗൈനക് രേഖയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും റിപ്പോർട്ടും എന്നിവയുടെ അടിസ്ഥാനത്തിൽ പിതാവിന്റെ പേരിൽ തിരുത്തൽ വരുത്താവുന്നതാണ്. (ഗവൺമെന്റ് സർക്കുലർ നമ്പർ 142/ആർഡി3/2015/തസ്വഭവ തീയതി 16.12.2015)

9.12 ജനന രജിസ്ട്രേഷനിൽ രേഖപ്പെടുത്തിയിട്ടുള്ള മാതാപിതാക്കളുടെ പേര് (ഇനിഷ്യൽ വികസിപ്പിക്കൽ, വിവാഹശേഷം ഭാര്യയുടെ പേരിനൊപ്പം ഭർത്താവിന്റെ പേര് ചേർത്തിട്ടുള്ള വിവരം എന്നിവ) തിരുത്തുന്നതിന് വിവാഹ സർട്ടിഫിക്കറ്റ്, നോട്ടറി അഫിഡവിറ്റ്, വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ അനുവദിക്കാവുന്നതാണ്.

9.13 ജനനം നടക്കുമ്പോൾ മാതാപിതാക്കൾ താമസിക്കുന്ന വിലാസമാണ് ജനന രജിസ്ട്രേഷനിൽ ഉൾപ്പെടുത്തേണ്ടത്. ഇത് വേറൊരു വിലാസമായി തിരുത്താൻ പാടില്ല. എന്നാൽ അക്ഷരത്തെറ്റു

കളും വിലാസത്തിലെ ഏതെങ്കിലും ഒരു ഭാഗം വിട്ടുപോയിട്ടുണ്ടെങ്കിലോ, അധികമായി ചേർത്തിട്ടുണ്ടെങ്കിലോ അവ ബോദ്ധ്യപ്പെട്ട്, രജിസ്ട്രാർക്കു തന്നെ തിരുത്തുകയോ കൂട്ടിച്ചേർക്കുകയോ നീക്കം ചെയ്യുകയോ ചെയ്യാവുന്നതാണ്. കൂടാതെ, തെറ്റായ വിലാസം രജിസ്ട്രേഷനിൽ ചേർത്തുപോയിട്ടുണ്ടെങ്കിൽ കുട്ടിയുടെ ജനന സമയത്ത് പ്രാബല്യത്തിലുള്ള, മാതാപിതാക്കളുടെ വിലാസം വ്യക്തമാക്കുന്ന ഏതെങ്കിലും രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ അനുവദിക്കാവുന്നതാണ്. ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, സമ്മതിദായക പട്ടിക, ഇലക്ടറൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, പാസ്പോർട്ട്, ആധാർകാർഡ് തുടങ്ങിയ സർക്കാർ അംഗീകൃത രേഖകൾ തെളിവായി സ്വീകരിക്കാവുന്നതാണ്.

9.14 ജനന രജിസ്ട്രേഷനിലെ ഇനീഷ്യൽ/സർനെയിം എന്നിവ കൂടാതെയുള്ള പേര് സ്കൂൾ രേഖയിൽ ചേർക്കുകയും പിന്നീട് സ്കൂൾ രേഖയിൽ ഇനീഷ്യൽ/സർനെയിം ചേർക്കുന്നതിനായി ജനന രജിസ്ട്രേഷനിൽ ഇനീഷ്യൽ/സർനെയിം ചേർക്കുന്നതിന് അപേക്ഷിക്കുകയും ചെയ്യുന്ന സംഗതികളിൽ അത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് തിരുത്തൽ അനുവദിക്കാവുന്നതാണ്.

9.15 ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. ജനന സർട്ടിഫിക്കറ്റിനൊപ്പം ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പും നോട്ടറി മുമ്പാകെയുള്ള സത്യവാങ്മൂലവും ചേർത്ത് നിയമപരമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് alias ചേർത്ത് നൽകാവുന്നതാണ്. കൂടാതെ കുട്ടിയുടെ ജനനത്തിന് മുമ്പ് മാതാപിതാക്കളുടെ പേര് ഗസറ്റ് വിജ്ഞാപന പ്രകാരം തിരുത്തിയിട്ടുണ്ടെങ്കിൽ അപ്രകാരം ഗസറ്റ് വിജ്ഞാപനം വഴി മാറ്റിയ പേര് ചേർത്ത് തിരുത്തൽ വരുത്തി സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

9.16 തിരുത്തലുകൾ അനുവദിക്കുമ്പോൾ മുമ്പു വാങ്ങിയ സർട്ടിഫിക്കറ്റുകൾ തിരികെ വാങ്ങി റദ്ദാക്കേണ്ടതാണ്. എന്നാൽ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടു പോയതിനാലോ ഏതെങ്കിലും അധികാരി മുമ്പാകെ സമർപ്പിച്ചതിനാലോ തിരികെ നൽകാൻ സാധിക്കാതെ വന്നാൽ അക്കാര്യം വ്യക്തമാക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സത്യവാങ്മൂലം ഹാജരാക്കിയാൽ മതിയാകും.

9.17 1.4.1970 നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

9.18 തിരുത്തലുകൾക്കുള്ള അപേക്ഷകൾ നിയമ പ്രകാരം അനുവദനീയമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി, വ്യക്തമായ ശുപാർശ സഹിതം മാത്രമേ ചീഫ് രജിസ്ട്രാർക്ക് അയയ്ക്കാൻ പാടുള്ളൂ. പ്രൊപ്പോസലുകളിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തിയിരിക്കണം.

1. ചീഫ് രജിസ്ട്രാർക്കുള്ള കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ.
2. ജനന/മരണ രജിസ്ട്രേഷന്റെ രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പ്.
3. തിരുത്തപ്പെടേണ്ട വിവരം തെളിയിക്കുന്ന ആധികാരിക രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. മാതാപിതാക്കൾക്ക് ജനിച്ചിട്ടുള്ള എല്ലാ കുട്ടികളുടെയും പേര്, ജനന തീയതി, ജനനക്രമം, ജീവിച്ചിരിക്കുന്നുവോ ഇല്ലയോ എന്നിവ വ്യക്തമാക്കുന്ന നിശ്ചിത ഫാറത്തിലുള്ള സത്യവാങ്മൂലം (ജനന രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്)
5. ജനന-മരണ രജിസ്ട്രാറുടെ വിശദമായ അന്വേഷണ റിപ്പോർട്ടും ശുപാർശയും
6. ഒരു പേര് മറ്റൊന്നായി തിരുത്തുന്നതിന് റവന്യൂ അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം.
7. 11-ാം ചട്ടം (2)-ാം ഉപചട്ട പ്രകാരം രണ്ട് വിശ്വസനീയ വ്യക്തികളിൽ നിന്നുള്ള ഡിക്ലറേഷൻ.

8. ജനന തീയതി തിരുത്തുന്നതിന് ആശുപത്രികളിൽ നിന്ന് റിപ്പോർട്ടു ചെയ്ത കേസുകളിൽ ആശുപത്രി അധികാരികളുടെ തിരുത്തൽ കത്തും ഗൈനക് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും

9.19 രജിസ്റ്ററിൽ തിരുത്തൽ വരുത്തുമ്പോൾ, സെക്ഷൻ 15-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്താതെ മാർജിനിൽ അനുയോജ്യമായ എൻട്രി ചേർത്ത് രജിസ്ട്രാർ ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതും അപ്രകാരമുള്ള തിരുത്തലുകൾ സംബന്ധിച്ച് 11-ാം ചട്ട പ്രകാരം പകർപ്പുകൾ തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയക്കേണ്ടതുമാണ്.

9.20 മരണ രജിസ്ട്രേഷനിലും 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 15, 1999-ലെ ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 11 എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തിരുത്തലുകൾ വരുത്താവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരമുള്ള തിരുത്തലുകൾ വരുത്തുമ്പോൾ തിരുത്തൽ സംബന്ധിച്ച നടപടി ക്രമങ്ങൾ പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതും ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് തിരുത്തൽ വരുത്തിയതെന്ന വിവരം രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 10 സർട്ടിഫിക്കറ്റുകൾ.

10.1 സർട്ടിഫിക്കറ്റുകൾ നൽകുമ്പോൾ രജിസ്റ്ററിൽ ഇല്ലാത്ത വിവരങ്ങൾ ഉൾപ്പെടുത്തി നൽകാൻ പാടില്ല. എന്നാൽ രജിസ്റ്ററിലെ ഏതെങ്കിലും ഒരു കോളത്തിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ അത് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ തിരുത്തലിന്റെ നടപടി ക്രമങ്ങൾ പാലിച്ച് രജിസ്റ്ററിൽ ഉൾപ്പെടുത്താവുന്നതും അതനുസരിച്ച് സർട്ടിഫിക്കറ്റ് നൽകാവുന്നതുമാണ്. ഏതൊരാളും നിശ്ചിത ഫീസടച്ച് ആവശ്യപ്പെടുന്ന പക്ഷം എത്ര സർട്ടിഫിക്കറ്റ് വേണമെങ്കിലും നൽകാവുന്നതാണ്.

10.2 മേൽവിലാസം സംബന്ധിച്ച വിവരം ഉൾക്കൊള്ളിക്കുന്നതിനുള്ള കോളം ഇല്ലാത്ത രജിസ്ട്രേഷനുകളുടെ സർട്ടിഫിക്കറ്റുകളിൽ പ്രസ്തുത ഇനങ്ങൾക്കു നേരേ 'ലഭ്യമല്ല' എന്ന് മലയാളത്തിലും "Not Available" എന്ന് ഇംഗ്ലീഷിലും രേഖപ്പെടുത്തേണ്ടതാണ്. റിമാർക്സ് കോളത്തിൽ 'മേൽവിലാസം രേഖപ്പെടുത്തുന്നതിനുള്ള കോളങ്ങൾ രജിസ്റ്ററിൽ ഇല്ല' എന്നും "The original records do not contain the column relating to address" എന്നും രേഖപ്പെടുത്തേണ്ടതാണ്. വിവിധ കാലഘട്ടങ്ങളിലെ രജിസ്ട്രേഷനുകളിൽ ലഭ്യമല്ലാത്ത മറ്റു വിവരങ്ങളുടെ സംഗതിയിലും സർട്ടിഫിക്കറ്റ് നൽകുമ്പോൾ ഇതേ രീതിയിൽ രേഖപ്പെടുത്തേണ്ടതാണ്.

10.3 ജനന-മരണ രജിസ്ട്രേഷനുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ സർട്ടിഫിക്കറ്റുകൾ www.cr.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് യഥേഷ്ടം ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഇത്തരത്തിൽ ബാർക്കോഡോടു കൂടിയ കമ്പ്യൂട്ടർ പ്രിന്റഡ് സർട്ടിഫിക്കറ്റുകൾ എല്ലാ സർക്കാർ ആവശ്യങ്ങൾക്കും ആധികാരിക രേഖയാണ്. (ജി.ഒ.(എം.എസ്) നമ്പർ 202/2012/തസ്വഭവ തീയതി 25.07.2012)

10.4 1959 ലെ കേരള സ്റ്റാമ്പ് ആക്ട് ഷെഡ്യൂളിലെ ക്രമ നമ്പർ 23 (i) പ്രകാരം ജനന മരണ സർട്ടിഫിക്കറ്റുകൾ മുദ്രപ്പത്രത്തിൽ നൽകുമ്പോൾ നിലവിൽ 50 രൂപയുടെ മുദ്രപത്രമാണ് ഉപയോഗിക്കേണ്ടത്.

## 11 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

11.1 1999-ലെ ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച്, വിവരം നൽകുന്ന ഫാറങ്ങളിലെ (ഫാറം നമ്പർ 1,2,3) ലീഗൽ പാർട്ടാണ് ജനന/മരണ/നിർജ്ജീവ ജനന രജിസ്റ്ററുകളുടെ പേജുകളായി മാറുന്നത്. എന്നാൽ, പ്രസ്തുത ഷീറ്റുകൾ ബൈന്റു ചെയ്യുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കുന്നതിലെ ബുദ്ധിമുട്ട്, യഥാർത്ഥ ഷീറ്റുകൾ മാറ്റി പകരം ഷീറ്റുകൾ ഉൾപ്പെടുത്തുന്നതിനുള്ള